# ന

# ക്ഷ

# ത്ര

# ങ്ങ

# ൾ

GHSS KUTTIPPURAM

## ലിറ്റിൽ കൈറ്റ്

## ജി.എച്ച്.എസ്.എസ്.കുറ്റിപ്പുറം

## 2019-20

**ഉള്ളടക്കം**

നക്ഷത്രങ്ങൾ....4
കൗമാരപ്രായം....3
വസന്തകാലം....3
SREYAS KRISHNA . K.S....5
8 G....5
മറക്കാത്ത ഓർമ്മകൾ....6
Meharba 9 I....19
ഒരമ്മയുടെ....19
ആഗ്രഹം....19
അനപ്രിയ . കെ വി....22
VIII .F....22
ദുരിതം വിതച്ച പ്രളയം....22
....23
അവസാനമില്ലാത്ത....23
ജീവിതം....23
ഹന്നത്ത് IX- I....24
....24
കുറുനരിയെ രക്ഷിച്ച കലമാൻ....25
MEHARBA 9 -I....27
പരാജയപ്പെട്ട പ്രണയം....28
സുഹൃത്തേ....30
ഷിഫ്ന....31
കർഷകന്റെ ഇരട്ടപ്പെൺകുട്ടികൾ....32
എന്തിനീ ജന്മം....35
കട്ട കലിപ്പ്....37

GHSS KUTTIPPURAM

# നക്ഷത്രങ്ങൾ

കൗമാരം......39
salahudheen *IX I*......*42*
......*42*
മെഹർബ 9 ഐ......44

GHSS KUTTIPPURAM

# കൗമാരപ്രായം

വസന്തകാലം

ജീവിതത്തിന്റെ ഏറ്റവും രസകരമായ പ്രായമാണ് കൗമാരപ്രായം . അത് ശരിയായ രീതിയിൽ തന്നെ ആസ്വദിക്കാനും അങ്ങനെയൊരു കുട്ടിയുടെ കഥയാണ് ഇത്.അവൻ ഒരു വിദ്യാർത്ഥിയാണ്.ഹരി എന്നാണ് അവന്റെ പേര് .വാഴപ്പിള്ളി G U P S സ്കൂളിലാണ് അവൻ പഠിക്കുന്നത്. അവന് പഠിക്കുക എന്നത് ഇഷ്ടമല്ല.അവന് അവനേക്കാൾ വികൃതിയായ രണ്ടു സുഹൃത്തുക്കളുണ്ട് രാമുവും ബാലുവും .അവർക്കും പഠിക്കാൻ ഒട്ടും താൽപ്പര്യമില്ല .ഒരു ദിവസം ക്ലാസെടുക്കുമ്പോൾ അവർ മൂന്നുപേരും പിൻബെഞ്ചിലിരുന്ന് സംസാരിക്കുകയായിരുന്നു .രാമു പറഞ്ഞു ഈ സ്കൂൾ പഠിപ്പ് ഒന്ന് വേഗം തീർന്നിരുന്നെങ്കിൽ എത്ര നന്നായിരുന്നു ."അത്രയും സമാധാനം" .ഹരിയും ബാലുവും മറുപടി പറഞ്ഞു "ശരിയാണ്".ആ സംസാരം ടീച്ചർ കേട്ടു കൊണ്ടു വന്നു അവർ

മൂന്നപേരോടും കൂടി എഴുന്നേല്ക്കാൻ പറഞ്ഞു .എന്താ അവിടെയൊരു സംശയം . ഞാനും കൂടി കേൾക്കട്ടെ .അവർ ഒന്നും മിണ്ടിയില്ല "എടാ പഠിക്കണ്ട സമയത്ത് പഠിക്കണം കേട്ടോ"ടീച്ചർ പറഞ്ഞത് ഒട്ടും താൽപ്പര്യമില്ലാതെ നിസ്സാരമാക്കി അവർ പിന്നെയും തുടങ്ങി സംസാരം . പിറ്റേ ദിവസം സ്കൂളിലേക്കെന്ന് പറഞ്ഞ് അവർ പോയത് ഒരു സിനിമക്കായിരുന്നു .അന്ന് അവരെ സ്കൂളിലെ മാഷ് കണ്ടു .അങ്ങനെ അവർ പിടിക്കപ്പെട്ടു .അത് പ്രധാന അധ്യാപകന്റെ അടുത്തും എത്തി .കുറേ ചീത്ത പറഞ്ഞു തല്ലി എന്നിട്ടും അവർ ക്കൊരു കുലുക്കവും ഇല്ല .എന്തിനാടാ ഇത്ര ബുദ്ധിമുട്ടി സ്കൂളിലേക്ക് വരുന്നത് .വിദ്യാലയം വിദ്യ പഠിക്കാൻ ഉള്ളതാണ് അവിടെയാണ് ഒരു വ്യക്തി ഉടലെടുക്കുന്നത്.എല്ലാം വേണം കൂടെ പഠിപ്പും കൊണ്ടു നടക്കണം. ഈ പ്രായം കഴിഞ്ഞാണ് ഞാനും ഇവിടെ വരെ എത്തിയത് .നിങ്ങളേക്കാൽ വലിയ കുഴപ്പക്കാരനായിരുന്നു ഞാനും .പിന്നീട് ഓരോ പ്രായത്തിലും എനിക്കും തിരിച്ചറിവ് ഉണ്ടായി .ജീവിക്കണം സ്വന്തമായി തൊഴിൽ ഇതിനെല്ലാം പഠിപ്പ് ആയിരുന്നു ഒരു പ്രശ്നം .ഞാൻ പഠിച്ചു ഇവിടെ വരെ എത്തി . നിങ്ങളും പഠിക്കണം കൂടെ എല്ലാം വേണം .അതിനാണ് ഞാൻ നിങ്ങളോട് പറയുന്നത് എല്ലാത്തിനും അതിന്റേതായ സമയമുണ്ട് കേട്ടോ ഇനി ആവർ ത്തിക്കരുത് എന്ന് പറഞ്ഞു അദ്ദേഹം അവരെ താക്കീത് ചെയ്തു

.എത്രയൊക്കെ പറഞ്ഞിട്ടും അവർക്ക് ഒരു മാറ്റവുമില്ല ."പതിറ്റാണ്ട് കൊല്ലം പട്ടിയുടെ വാൽ കുഴലിലിട്ടാലും അത് വളഞ്ഞു തന്നെയായിരിക്കും" എന്തു ചെയ്യാനാ .

വർഷങ്ങൾ കഴിഞ്ഞു അവരെല്ലാം വലുതായി കല്യാണം കഴിഞ്ഞു .എല്ലാവരുടെയും കുട്ടികൾ ഒരേ സ്കൂളിൽ തന്നെയാണ് പഠിക്കുന്നത് . ഒരു ദിവസം അവരുടെ മക്കളുടെ PTA അവർ മൂന്നുപേരും വന്നു .ആ പള്ളിക്കൂടം കണ്ടപ്പോൾ അവരുടെ കണ്ണുകളിൽ നിന്ന് കണ്ണീർ തുള്ളി വീണു ഓർമ്മകൾ ആ പഴയ സ്കൂൾ ജീവിതത്തിലേക്ക് കടന്നു പോയി .എന്തൊരു രസമായിരുന്നു എത്ര സ്വതന്ത്രമായിരുന്നു .ആ കാലം എല്ലാം നഷ്ടപ്പെട്ടു. ഇതെല്ലാം കണ്ടുനിന്ന ആ കുട്ടുകാർ ഇപ്പൊ മനസ്സിലായി കൗമാര പ്രായത്തിന്റെ വില താൻ ആ കാലം വെറുതെ നഷ്ടപ്പെടുത്തി .ഇതുപോലെ ആരും തന്റെ ചെറുപ്പകാലം വെറുതെ പാഴാക്കി കളയരുത്.

**SREYAS KRISHNA . K.S**

**8 G**

GHSSKUTTIPPURAM



## മറക്കാത്ത ഓർമ്മകൾ

ഒരമ്മ ദൂരദേശത്ത് ഏതോ ഒരു നാട്ടിൽ ആരും ഇല്ലാതെ ഒരു വൃദ്ധസദനത്തിലായിരുന്നു ജീവിച്ചിരുന്നത്. അമ്മക്ക് ആകെ ഉണ്ടായിരുന്നത് ഒരു മകനാണ്.അവന് വേണ്ട എല്ലാ കാര്യവും നോക്കിയിരുന്നത് ആ അമ്മയായിരുന്നു.പകലോ രാവോ ഇല്ലാതെ അമ്മ മകനെ നോക്കി ഒടുവിൽ ഈ വൃദ്ധസദനത്തിൽ.ആ വൃദ്ധസദനം സന്ദർശിക്കാനെത്തിയ ഒരാൾ ആ അമ്മയെ

GHSS KUTTIPPURAM

പരിചയപ്പെട്ടു. താൻ എങ്ങനെ ഇവിടെ എത്തിയെന്ന ചോദ്യത്തിന് അമ്മ തന്റെ കഥ പറഞ്ഞുകൊടുക്കുന്നു. എനിക്ക് ആണും പെണ്ണുമായി ഒരേയൊരു മകനേ ഉണ്ടായിരുന്നുള്ളൂ. എന്റെ എല്ലാപ്രതീക്ഷയും അവനായിരുന്നു. അവന് ഞാൻ ദ്വിദിത്ത് എന്ന് പേരിട്ടു. രാത്രിയും പകലും ഇല്ലാതെ ഞാൻ അവനെ വളർത്തി. എന്റെ കയ്യിൽ പണമില്ലായിട്ടു പോലും അവനെ ഞാൻ അറിയപ്പെടുന്ന സ്കൂളിൽ തന്നെ ചേർത്തു. ലോകം തന്നെ അറിയുന്ന ഒരാളാവണമെന്നും ആഗ്രഹിച്ചു. എല്ലാം എന്റെ സ്വാർത്ഥതമാത്രം. എല്ലാ മക്കളും നല്ലനിലയിലാവണമെന്നല്ലേ എല്ലാ അമ്മമാരും ആഗ്രഹിക്കുക അതേ ഞാനും ആഗ്രഹിച്ചുള്ളൂ. അവൻ വലുതായി ഞാൻ

GHSS KUTTIPPURAM

ആഗ്രഹിച്ചതു പോലെ തന്നെ അവൻ വളർന്നു . മറ്റുള്ളവരെ സഹായിക്കുമായിരുന്നു. ഒരു ദിവസം ഞാനും അവനും കൂടി ഒരു കല്യാണത്തിന് പോയിരുന്നു. കല്യാണം കഴിഞ്ഞ് വീട്ടിലെത്തിയപ്പോൾ ഞാൻ അവനോട് പറഞ്ഞു കല്യാണ വീട്ടിൽ ഞാനൊരു പെൺകുട്ടിയെ കണ്ടു. കാണാനും ഭംഗിയുണ്ട്.അവളുടെ അച്ഛൻ മരിച്ചു പോയതാണ്.രണ്ടു അനിയത്തികളാണുള്ളത് അതും ,നന്നായി പഠിക്കുന്നവരും. ആ അനിയത്തിമാരുടെ ചേച്ചിയുമായി നിന്റെ വിവാഹം നടത്തണമെന്നാണ് എന്റെ ആഗ്രഹം നിനക്ക് അവളെ ഇഷ്ടപ്പെടും എനിക്കറിയാം . എന്റെ ആഗ്രഹം മനസ്സിലാക്കി അവൻ നോക്കാം എന്നു പറഞ്ഞു. സമ്മതമില്ലാതെയാണെങ്കിലും അവൻ പെണ്ണിനെ കാണാൻ വന്നു. അവനും അവളെ

GHS KUTTIPPURAM

കണ്ടപ്പോൾ ഇഷ്ടമായി .അങ്ങനെ അവരുടെ കല്യാണം ഞാൻ ഗംഭീരമായിതന്നെ ഞാൻ നടത്തി.ആദ്യമൊക്കെ അവൾഎന്നോട് നല്ല നിലയിലായിരുന്നു.എന്നാൽ പിന്നീട് അവളുടെ ഭാവം മാറി. അവൾ പലപ്പോഴും എന്റെ മകനോട് എന്നെപ്പറ്റി കുറ്റം പറഞ്ഞുകൊടുക്കാൻ തുടങ്ങി.അതുവഴി പലപ്പോഴായും അവർ വഴക്കിടേണ്ടതും എനിക്ക് കാണേണ്ടിവന്നു . അത് എന്റെ മനസ്സിൽ വല്ലാത്തൊരു മുറിവുണ്ടാക്കി. ഞാൻ തന്നെ സ്വയം അവനോട് പറഞ്ഞു. അവരുടെ നിർബന്ധം സഹിക്കാനാകാതെ അവൻ ഈ അമ്മക്ക് വേണ്ടി നല്ലൊരു വൃദ്ധസദനം തന്നെ അവന്റെ കൂട്ടുകാരനോട് പറഞ്ഞു തയ്യാറാക്കി. എന്നാൽ ഞാൻ അതിനൊന്നും അവനെ കുറ്റം പറഞ്ഞില്ല അങ്ങനെയുള്ള അവസ്ഥയിൽ ആരായാലും അത്

GHSS KUTTIPPURAM

തന്നെ ചെയ്യുമായിരുന്നുള്ളൂ. എന്നാൽ ഒരു കാര്യമേ ഞാനവനോട് ആവശ്യപ്പെട്ടുള്ളൂ എന്റെ കൊച്ചുമകൻ ദ്വിദിത്തിനെ കാണണമെന്ന് ആ അമ്മ പറഞ്ഞു ആ ഒരറ്റ ആഗ്രഹം മാത്രം,എന്നാൽ ആ മരുമകൾ അതിനും സമ്മതിച്ചില്ല.എനിക്ക് എന്റെ പേരക്കുട്ടിയെ അവസാനമായി കാണാൻ പോലും സമ്മതിച്ചില്ല . ആ ഒരൊറ്റ സങ്കടമേ എനിക്കൊള്ളൂ.അങ്ങനെ ഞാൻ ഇവിടെയെത്തി എന്നും പറഞ്ഞ ആ അമ്മ ഒരു ദീർഘശ്വാസം വലിച്ചു. പിന്നെ അമ്മക്ക് ഒന്നും പറയാൻ സാധിച്ചില്ല.അൽപ്പസമയത്തിനു ശേഷം അവസാനമായി എനിക്കെന്റെ പേരക്കുട്ടിയെ കണ്ടാമതി .ആ വാക്ക് കേട്ട് ആ സന്ദർശകന്റെ മനസ്സലിഞ്ഞു . അവനും ഒരു ദീർഘശ്വാസം വിട്ടുകൊണ്ട് പറഞ്ഞു നമുക്ക് എല്ലാം ശരിയാക്കാം .അയാൾ ഒരു ലക്ഷ്യത്തോടെ

GHSS KUTTIPPURAM

അവിടെ നിന്നും പുറപ്പെട്ടു .ആ അമ്മയുടെ വീട് കണ്ടെത്തി ,വിവരങ്ങൾ എല്ലാം അന്വേഷിച്ച് മനസ്സിലാക്കി.സന്ദർശകൻ കേട്ട വാർത്ത സന്ദർശകനെ ഞെട്ടിക്കുകയാണുണ്ടായത് .അമ്മയുടെ പോക്ക് കേട്ട് ഞെട്ടി ബോധം പോയ മകൻ അദിത്തിനെ ചികിൽസിക്കാൻ ഒരു വൈദ്യശാലക്കും സാധിച്ചില്ല. അതിന് വേണ്ടി മുടക്കിയ പണം മാത്രം വെറുതെയായി എന്നുപറയണം .എന്നാലും ആ വാർത്ത ഒരിക്കലും അമ്മയെ അറിയിച്ചില്ല ,അമ്മ ഒരിക്കലും ദു :ഖിക്കുന്നത് കാണാൻ അയാൾ ആഗ്രഹിച്ചിരുന്നില്ല എന്നു വേണം പറയാൻ. അങ്ങനെ അയാൾ അവിടെ എങ്ങനെയാണിത് സംഭവിച്ചത് എന്നന്വേഷിച്ചു . അന്വേഷിച്ചെത്തിയത് അദിത്തിന്റെ അധ്യാപികയിലേക്കായിരുന്നു . അധ്യാപിക



GHSS KUTTIPPURAM

പറഞ്ഞത് ഇങ്ങനെയായിരുന്നു .അദിത്ത് സ്കൂൾ വിട്ട് വീട്ടിലേക്ക് വന്നപ്പോൾ ആദ്യം ചോദിച്ചത് തന്റെ അമ്മമ്മയെയായിരുന്നു . ആ ചോദ്യം കേട്ട് അവന്റെ അമ്മ അവന് നൽകിയ ഉത്തരം അവന്റെ അമ്മമ്മ മരിച്ചു എന്നാണ് . അതു കേട്ട് അവന്റെ പാതി ജീവനും പോയിരുന്നു എന്ന് വേണം പറയാൻ . അന്ന് അവൻ ഒരു തുള്ളി വെള്ളം കുടിച്ചില്ല . എപ്പോഴും അവന്റെ അമ്മമ്മയെ മാത്രമായിരുന്നു അവൻ ആലോചിച്ചിരുന്നത് .പിറ്റേന്ന് അവൻ സ്കൂളിൽ പോയപ്പോൾ അവന്റെ കൂട്ടകാരൻ കാര്യം തിരക്കിയപ്പോൾ അവൻ തന്റെ ഇടറിയ ശബ്ദത്തിൽ പറഞ്ഞു എന്റെ അമ്മമ്മ മരിച്ചു .അവന്റെ അമ്മമ്മക്ക് വേണ്ടി നല്ലൊരു വൃദ്ധസദനം കണ്ടത്തിയത് എന്റെ അച്ഛനാണല്ലോ ആ പിന്നെപ്പോഴാ മരിച്ചത് ആ വാക്കുകൾ കേട്ടപ്പോൾ അവന്റ ഹൃദയം വരെ പൊട്ടുന്ന

GHS KUTTIPPURAM

സങ്കടം അവനുണ്ടായിരുന്നു എന്ന് വേണം പറയാൻ .ആ ഷോക്ക് അപ്പോഴും അവനിൽ നിന്നും മറഞ്ഞിരുന്നില്ല ആ കുഞ്ഞുമനസ്സ് നന്നായി വേദനിച്ചിരുന്നു .മനസ്സിൽ ഒരുപാട് സ്നേഹം തനിക്കായി മാറ്റിവെച്ചവളായിരുന്നു അവന്റെ അമ്മമ്മ .ആ അമ്മമ്മയെ വൃദ്ധസദനത്തിലാക്കിയ അവന്റെ അമ്മയോടും അവന്റെ അച്ചനോടും അവന് വളരെയേറെ വെറുപ്പുതോന്നിയിരിക്കണം .അവൻ അവിടെ ക്ലാസിൽ തന്നെ കുഴഞ്ഞു വീണു . അതുകണ്ടകുട്ടി എന്നോട് വിവരം പറയുകയും ഞാൻ അവനെ വേഗം ആശുപത്രിയിൽ കൊണ്ടുപോവുകയും ചെയ്തു .എന്നിട്ട് കിട്ടിയ വിവരം വളരെ ഞെട്ടിക്കുന്നതായിരുന്നു എന്നുവേണം പറയാൻ .അമ്മമ്മയോടു ചെയ്ത ആ ക്രൂരതയാണ് അവന്റെ ഹൃദയത്തിൽ വേദനയുണ്ടാക്കിയതെന്ന് മനസ്സിലാക്കി .ആ സങ്കടത്തിൽ നിന്നും അദിത്ത്

GHSSKUTTIPPURAM

ഇതുവരെയും ഉണർന്നിട്ടില്ല എന്നു വേണം പറയാൻ . അവന്റെ സങ്കടത്തിൽ നിന്നും ഇതുവരെയും ആർക്കും അവനെ ഉണർത്താൻ സാധിച്ചിട്ടുമില്ല .ആ സങ്കടം മായ്ക്കാൻ അവന്റെ അമ്മമ്മക്ക് മാത്രമേ ഉണർത്താൻ സാധ്യമാകുകയൊള്ളൂ. എങ്കിൽകൂടി അവന്റെ അമ്മമ്മയെ വിളിക്കാൻ അവന്റെ അമ്മ സമ്മതിക്കുന്നില്ല സ്വന്തം മകന് വേണ്ടി താഴ്ന്ന് കൊടുക്കാത്ത ഒരമ്മയായിരുന്നു അത് .അതെല്ലാം കേട്ട അയാൾ അമ്മമ്മയെ എങ്ങനെയെങ്കിലും അവിടെയെത്തിക്കണം എന്നയാൾ തീരുമാനിച്ചു .അങ്ങനെ അമ്മമ്മയോടുചെന്ന് കാര്യം പറഞ്ഞു .അത് കേട്ടപ്പോൾ ആ അമ്മമ്മയുടെ മനസ്സൊന്നുരുകി .താൻ തളർന്ന് വീണുപോകുമോ എന്ന് വരെ തോന്നി .അവർ അവിടെയെത്താൻ തിടുക്കം കൂട്ടി .അമ്മമ്മയുടെ നിർബന്ധത്തിന് വഴങ്ങി അയാൾ ആശുപത്രിയിലേക്ക്

അമ്മമ്മയെ കൊണ്ട് പോയി .ആശുപത്രിയിലെത്തുന്നത് വരെയും ആ അമ്മമ്മയുടെ സങ്കടം വളരെ വലുതായിരുന്നു എന്ന് വേണം പറയാൻ . അങ്ങനെ , അവർ ആദ്യം പോയി കണ്ടത് ഡോക്ടറെയാണ്.ഡോക്ടർ അവരോട് പറഞ്ഞു :"അദിത്തിന്റെ സ്റ്റേജ് വളരെ ക്രിട്ടിക്കലാണ്" . ഇടക്കൊക്കെ അവൻ ഉണർന്നു അപ്പൊ അവൻ ആദ്യം ചോദിച്ചത് അമ്മമ്മ എവിടെയെന്നാണ് അപ്പോൾ മാത്രമല്ല ,ഇടക്കൊക്കെ അവൻ സ്വപ്നം കണ്ടെന്നവണ്ണം അവൻ 'അമ്മമ്മ അമ്മമ്മ 'എന്നു വിളിക്കുന്നതും കേൾക്കാം . അതു പറഞ്ഞപ്പോഴേക്കും ആഅമ്മമ്മയുടെ കണ്ണുകളിൽ നിന്നു കണ്ണുനീർ ഒരു മഴപോലെ പെയ്തുകൊണ്ടിരുന്നു . അപ്പോൾ ആ അമ്മമ്മക്കുള്ള സ്നേഹം പറഞ്ഞറിയിക്കാൻ കഴിയാത്തതായിരിക്കണം .അവർ തനിക്കൊന്ന്

അകത്തേക്ക് പ്രവേശിക്കാൻ സാധിക്കുമോ എന്ന് ചോദിച്ചു .ഡോക്ടർ സമ്മതിക്കുകയും ചെയ്തു .അങ്ങനെ അവർ ആ വെന്റിലേറ്ററിലേക്ക് പ്രവേശിച്ചു,അവന്റെ അടുത്ത് ഇരുന്നു , അവന്റെ കാലിൽ ഒന്ന്തൊട്ടു ആകണ്ണുനീരിൽ നിന്നും ഒരു നനവ് തുള്ളിയായ് അവന്റെ കൈകളിൽചെന്നു പതിച്ചു .അമ്മമ്മക്ക് ഒന്നുറക്കെ കരയണമെന്നുണ്ടായിരുന്നു . പെട്ടന്ന് അമ്മയുടെ കൈകൾ ആരോ ഒന്നനക്കുന്നത് പോലെ തോന്നി .അത് മറ്റാരുമല്ലായിരുന്നു , ഇത്രയും നാൾ ഒന്നനങ്ങുകപോലും ചെയ്യാത്ത ആ അമ്മമ്മയുടെ പേരക്കുട്ടി .അവന് അവന്റെ അമ്മമ്മയെ കണ്ടപ്പോൾ വളരെ സന്തോഷമായിരിക്കണം അമ്മമ്മ അദിത്തിനെ ഒന്നു ചുംബിച്ചു . എന്നിട്ട് വേഗം മറ്റുള്ളവരെ അറിയിച്ചു .ഡോക്ടർ വന്ന് പരിശോധിച്ചപ്പോൾ അവനിൽ നല്ല മാറ്റമാണ് അവർക്ക്



GHSS KUTTIPPURAM

കാണാനായത്. വിവരം അറിഞ്ഞ അവന്റെ അച്ഛന് വളരെയേറെ സന്തോഷമായി എന്ന് വേണം പറയാൻ. ആ മകനും അമ്മയെ സ്നേഹിച്ചിരുന്നു പക്ഷേ അയാൾക്ക് അയാളുടെ ഭാര്യയെയും തന്റെ മകന്റെയും കാര്യം ആലോചിച്ചാണ് അയാൾ സ്വന്തം വിവരം അറിഞ്ഞ് അയാൾ വേഗം ആശുപത്രിയിലേക്ക് ഓടിയെത്തി .അയാൾ ആദ്യം ചെന്നത് അയാളുടെ അമ്മയുടെ അടുത്തേക്കാണ് .മകനെ കണ്ടതും അമ്മമ്മക്ക് സന്തോഷമായി .ആ സന്തോഷത്തിൽ പങ്ക്ചേരാൻ അയാൾക്ക് ഒരവകാശവുമില്ല .കാരണം അയാൾ അപ്പോൾ ശക്തമായി പ്രതികരിച്ചിരുന്നുവെങ്കിൽ അയാൾക്ക് അത് തടയാമായിരുന്നു ഒരു പക്ഷേ ചെയ്താൽ അയാളുടെ ഭാര്യയെ വിടേണ്ടി വരുമായിരുന്നു .പക്ഷേ അവർ സ്വന്തം അമ്മയേക്കാൾ വലുതാവില്ലല്ലോ ? അയാളുടെ സങ്കടം

GHSS KUTTIPPURAM

കണ്ണുനീരായി ഒഴുകി ഒരു നനവു തുള്ളിയായി അയാളുടെ മുഖത്ത് പതിച്ച് കൈകളിലേക്ക് വീണു . അതിൽ ഒരു പശ്ചാത്താപത്തിന്റെ നനവുണ്ടായിരുന്നു. ആ ഏതൊരു അമ്മയും സ്വന്തം മകനെ കരയാൻ ഒരിക്കലും അവസരം കൊടുക്കാൻ ഇഷ്ടപ്പെടില്ലല്ലോ അമ്മ മകനെ വേഗം കെട്ടിപിടിച്ചു .സ്നേഹംകൊണ്ട് പുണർന്നു .അവരുടെ സന്തോഷം കണ്ട് മരുമകൾക്ക് തന്റെ സ്വഭാവത്തിലെ തെറ്റ് മനസ്സിലായി. ആ സ്ത്രീ അമ്മയോട് മാപ്പ് ചോദിച്ചു .ആ അമ്മയതൊരു പുഞ്ചിരിയിലൊതുക്കി .എവിടെ വിട്ട്കൊടുത്താലും നമുക്കവിടെ ലഭിക്കുന്നത് മറ്റൊരാളുടെ സന്തോഷമായിരുക്കും, അവിടെ സ്നേഹവും എന്നെന്നും നിലനിൽക്കും . ഒരുപക്ഷേ അങ്ങനെ നാം രക്ഷിതാക്കളെ,നമ്മുടെ അമ്മമാരെ

നോക്കിയിരുന്നുവെങ്കിൽ ഈ ലോകത്ത് ഇങ്ങനെ വൃദ്ധസദനങ്ങളുണ്ടാവില്ലായിരുന്നു.

.......................

Meharba 9 I

GHSS KUTTIPPURAM

# ഒരമ്മയുടെ

# ആഗ്രഹം

*ഒരിടത്തൊരു ഒരമ്മയും മകനും താമസിച്ചിരുന്നു അവർ ഓരോ ദിവസവും വളരെ കഷ്ടപ്പെട്ടാണ് തള്ളിനീക്കിയിരു-*ന്നത്.കാരണം ആ അമ്മ ഓരോ വീടുകളിലും പോയി പണി - ചെയ്താണ് കുടുബംപുലർത്തിയിരുന്നത് .എന്നാലും അവർ തന്റെ ബുദ്ദിമുട്ടുകളെല്ലാം മകനെ അറിയിച്ചിരുന്നില്ല .അവൻ ആവശ്യപ്പെടുന്നതൊക്കെ അമ്മ അവന് വാങ്ങിച്ച - കൊടുക്കുമായിരുന്നു .ഞാൻ പട്ടിണികിടന്നാലും മകൻ സന്തോഷത്തോടെ ജീവിച്ച പോകണമെന്നായിരുന്നു അമ്മ-ആഗ്രഹിച്ചത് .അതിനാൽ മിക്കദിവസങ്ങളിലും ആ അമ്മ



GHSS KUTTIPPURAM

പട്ടിണിയായിരുന്നു . ഏങ്ങനെയെങ്കിലും തന്റെ മകന് പഠിപ്പിച്ച് ഒരു ഗവൺമെന്റ് ജോലി നേടണമെന്ന ആഗ്രഹത്തിന്റെ മുന്നിൽ ഇതൊന്നും വലിയ ബുദ്ധിമുട്ടായി തോന്നിയിട്ടില്ല . പക്ഷേ ആ അമ്മക്ക് കടങ്ങൾ ധാരാളമുണ്ടായിരുന്നു . കടം വേടിക്കുകയല്ലാതെ ഒന്നും തിരിച്ച നൽകാൻ അമ്മക്ക് സാധിച്ചില്ല . പണം നൽകിയ ആളുകൾ എന്നും വീട്ടിൽ വന്ന് അമ്മടെ വഴക്കു പറയും . അമ്മ ഒരാഴ്ച്ചകൂടി സമയം തരണം എന്ന് പറഞ്ഞ് അത് തള്ളിനീക്കും . ഇതൊന്നും ആലോചിക്കാതെ മകൻ സന്തോഷത്തോടെ കഴിയുമായിരുന്നു .അമ്മ ഒരു ദിവസം പോലും കരയാതെ കണ്ണീർ ഒറ്റാത്ത ദിവസമുണ്ടായിരുന്നില്ല .അങ്ങനെയിരിക്കെ ഒരു നാൾ അമ്മക്കൊരു അസുഖം പിടിപെട്ടു. എന്നാൽ അമ്മ ഈ കാര്യവും തന്റെ മകനോട് പറഞ്ഞില്ല

GHSKUTTIPPURAM

അങ്ങനെ ദിവസം കടന്നു പോയി.അമ്മക്ക് അസുഖം കൂട് മകൻ സ്കൂളിൽ പോയിരുന്നു .അമ്മ പണിയെടുക്കുന്നതിനിടയിൽ തളർന്നു വീണു മരിച്ചു .മകൻ സ്കൂൾ വിട്ട് വീട്ടിലെത്തിയപ്പോൾ അമ്മ തന്റെ സ്വപ്നങ്ങളെല്ലാം ബാക്കിയാക്കി യാത്രയായി . അതോടെ മകൻ തനിച്ചായി. അമ്മയത്ര കഷ്ടപ്പെട്ടാണ് തന്നെ ഇത്രയും വളർത്തിയതെന്ന് അപ്പോഴാണ് മകന് മനസ്സിലായത് അവൻ അമ്മയെ കുറിച്ചോരത്ത് സങ്കടപ്പെട്ടു . അമ്മയുടെ ആഗ്രഹം പോലെ അവൻ പഠിച്ച് ഒരു ഗവർമെന്റ് ഉദ്യോഗസ്ഥനായി

ശുഭം

അനുപ്രിയ . കെ വി

VIII .F

# ദുരിതം വിതച്ച പ്രളയം

വർഷങ്ങളായി മാറിനിന്ന പ്രളയ
മിത പേമാരിയായി പെയ്യുന്നിതാ
ദുരിതങ്ങൾ വിതച്ച പുഴകൾ
കലിത്തുള്ളി ഒഴുകുന്ന നിത്യം
ദുരിതാശ്വാസ ക്യാമ്പുകൾ തുറന്നു
പലയിടവും മഴയിൽ മുങ്ങി
അതിനപ്പുറം ചിലരുടെ ശ്വാസം
അവർക്കിടയിൽ ചിലർ രക്ഷയായ്
എൻ കൂടെ നിന്നവർക്ക് ഈ ദിനം
നമ്മൾക്കെല്ലാം അവർക്കായി മാറ്റിവെക്കാം
ഒരു നവകേരളം കെട്ടിപ്പടുക്കാം

GHSS KUTTIPPURAM

# അവസാനമില്ലാത്ത

# ജീവിതം......

അമ്മയാം അരുവി തന് ഓളങ്ങളില് ഞാന്

അറിയാതെ ഒരു കുഞ്ഞു വഞ്ചിയായി

ചോലയാം അരുവി തന് ഓളങ്ങളാകുന്ന

മാറിടത്തില് നിന്നു കേള്ക്കുന്നു ഞാന്

അറിയാതെ എങ്കിലും വഞ്ചായയാം എന്നുടെ

യാത്രയില് തോന്നുന്ന അങ്കലാപ്പൊ?

അറിയാം എനിക്കമ്മേ എന്നുടെ യാത്രയില്

എന്നെ ചതിക്കുന്ന കുഞ്ഞൊഴുക്കും

GHSS KUTTIPPURAM

എങ്കിലും അമ്മ തന് വാക്കുകള് കേട്ടു നീ

തിരകളാകുന്ന എന്  കൈകളേന്തി

മാനത്ത് മാരിവരല്ലത്രയും സാക്ഷിയായി

കലപില കൂട്ടുന്ന കിളികളും സാക്ഷിയായി

ഇരുളില് കിനാകണ്ട് താരങ്ങളത്രയും

അരുവി തന് മാറില് ലയിച്ചിരുന്നു....

*ഹന്നത്ത്  IX-I*

GHSSKUTTIPPURAM

# കുറുനരിയെ രക്ഷിച്ച കലമാൻ

ഒരിക്കൽ ഒരു കാട്ടിൽ രണ്ട് കുറുനരി വസിച്ചിരുന്നു . അവർ ഭക്ഷണം കിട്ടാതെ അലഞ്ഞു തിരിഞ്ഞു നടക്കുമ്പോൾ അവിടേക്ക് ഒരു കലമാൻ വന്നു . അവർ രണ്ടുപേരും കലമാന്റെ നേരെ കുതിച്ച് ചാടി കലമാൻ തന്റെ ജീവനും കൊണ്ട് ഓടി . രണ്ട് പേരും ഒരു മരം തട്ടി വീണു.



മുറിവും പറ്റി വേദന

സഹിക്കാനാകാതെ

അവർ കരഞ്ഞു.

ഇവരുടെ അലർച്ച കേട്ട് കാട്ടിലുള്ളവരെല്ലാം വന്നു .അവരിൽ നിന്ന് സിംഹം ചോദിച്ചു.എന്താ പറ്റി ? കുറുനരികളെ എന്തിനാണ് അലറി കരയുന്നത് അതിൽ നിന്ന് ഒന്നാമൻ പറഞ്ഞു ഞങ്ങൾ

CHSKUTTIPURAM

കാട്ടിലൂടെ നടന്നു പോകുമ്പോൾ കലമാനെ കണ്ടു.ഞങ്ങൾ അതിനെ ഭക്ഷിക്കാമെന്നു കരുതി ചാടിയതാ.... പക്ഷേ ഞങ്ങൾ ഒരു മരം തട്ടി വീണു.അതാ സംഭവിച്ചത് . അപ്പോൾ സിംഹം പറഞ്ഞു . ഇതാണോ നിങ്ങൾ ചെയ്ത തെറ്റ് .നിങ്ങളോട് ഒന്നും ചെയ്യാതെ അതു അവിടെ നിൽക്കുമ്പോൾ ഉപദ്രവിക്കാൻ ശ്രമിച്ചതല്ലേ ... പക്ഷേ നടന്നില്ല അതാണ് ഉണ്ടായത് എന്നും പറഞ്ഞുകൊണ്ട് സിംഹം പോയി . കാട്ടിലുള്ള എല്ലാവരും ശാന്തമായി .പിന്നെ ആ വഴി വീണ്ടും കലമാൻ വന്നു .അവർ കരയുന്നത് കേട്ടപ്പോൾ അവൾക്ക് വിഷമമായി അവൾ സഹായിക്കാമെന്ന് കരുതി .അവരുടെ അടുത്തേക്ക് പോയി ആ മുറിവ് കെട്ടി കൊടുത്തു .അവർ കലമാനോട് ക്ഷമ ചോദിച്ചു, അങ്ങനെ

അവർ ചങ്ങാതിമാരായി സന്തോഷത്തോടെ വീട്ടിലേക്ക് മടങ്ങി.

MEHARBA 9 -I

GHSS KUTTIPPURAM

# പരാജയപ്പെട്ട പ്രണയം

ഗൃഹാധ്യപികയായി ജോലിചെയ്യുന്നതിനിടെ മാര്യ ഒരു പ്രണയക്കുരുക്കിൽ ചെന്നുപെട്ടു. സോറാവ്സ്കി എന്ന ധനികകുടുംബത്തിലെ യുവാവായ കാസിമിയേഴ്സ് (Kasimierz Zoravski) ആയിരുന്നു കാമുകൻ. രണ്ടുപേർക്കും പരസ്പരം ഇഷ്ടമായിരുന്നു. പക്ഷേ, ദരിദ്രയായ മാര്യയെ ധനികകുടുംബത്തിലേക്ക് വധുവായി സ്വീകരിക്കാൻ സോറാവ്സ് കിയുടെ പിതാവ് സമ്മതിച്ചില്ല. പ്രണയം അങ്ങനെ അവസാനിച്ചു. മാര്യ മറ്റുജോലികൾ തേടിപ്പോകുകയും ചെയ്തു.

പിൽകാലത്ത് മാര്യ നോബേൽ സമ്മാനം നേടി വിശ്വപ്രശസ്തയായി. മാത്രമല്ല, പിന്നീട് രണ്ടു നോബേൽ സമ്മാനങ്ങൾ കൂടി നേടിയ മാരി ക്യൂറിയുടെ പ്രതിമ വാർസാസ് (Warsaw) നഗരമധ്യത്തിൽ 1935 ൽ സ്ഥാപിക്കപ്പെട്ടു. അതിനിടയ്ക്ക് വാർസാസ് പോളിടെക്നിക്കിൽ പ്രൊഫസറായി ജോലി ലഭിച്ചു. കാസിമിയേഴ്സ് പിന്നീട് പലപ്പോഴും ആ പ്രതിമയുടെ മുമ്പിൽ ചെന്നിരുന്ന് തന്റെ നഷ്ടഭാഗ്യത്തെ ഓർത്ത് മൗനിയായി ഇരിക്കുമായിരുന്നത്രെ.

GHSS KUTTIPPURAM

----------------------------------------------------------

GHSS KUTTIPPURAM

# സുഹൃത്തേ

ഒരായിരം ഓർമ്മകൾ പടംമടക്കിത്തന്ന
നല്ല ദിനങ്ങളെല്ലാം ഇന്ന
ഓർക്കുവാൻ ഏതിനും കൂടെനിന്നവരെല്ലാം
നിൻ കണ്ണിനുള്ളിൽ നീ കാണുന്നില്ലേ
കാണാനായ് കണ്ണിനു കാഴ്ചയില്ലെപ്പോഴും
ഓർക്കുക നമ്മളെല്ലാം ഉറ്റസുഹൃത്തല്ലയോ
നമ്മൾ ഒരുപോലെ കളിച്ചതല്ലയോ
നമ്മൾ ഒരുപോലെ കളിച്ചതും
ചിരിച്ചതും ഓർക്കുന്നില്ലേ
എങ്കിലും എൻ മനം പറയാതെ പറയുന്ന
നിൻ ഓർമ്മകൾ അതുമാത്രമല്ലോ
എന്നും ഞാൻ അറിയാതെ ചൊല്ലുന്നതും
നിൻ കാര്യമല്ലയോ എൻ സുഹൃത്തേ....

ഷിഫ്ന.

GHSS KUTTIPPURAM

## കർഷകന്റെ ഇരട്ടപ്പെൺകുട്ടികൾ

പണ്ട് പണ്ട് ഒരിക്കൽ റാംഗട്ട് എന്ന പേരുള്ള അതിമനോഹരമായ ഒരു ഗ്രാമം ഉണ്ടായിരുന്നു. റാംഘട്ടിലേക്ക് പോകാനായി എല്ലാവരും ഒരു വലിയ നദിയെ കടക്കണമായിരുന്നു. ആ നദിയിൽ രണ്ടു വഞ്ചികൾ ഉണ്ടായിരുന്നു. ആ വഞ്ചികളാണ് എല്ലാവരെയും എടുത്ത് ഇക്കരയിൽ നിന്ന് അക്കരയിലേക്ക് ആക്കുന്നത്. ഈ മനേഹരമായ ഗ്രാമത്തിൽ ഹാരിയ എന്നുപേരുള്ള ഒരു കർഷകൻ ഉണ്ടായിരുന്നു. ഹാരിയയുടെ ഭാര്യ ഗർഭിണിയായിരുന്നു. എന്നാലും അവൾ ദിവസവും ഹാരിയക്കു വേണ്ടി ഭക്ഷണം എടുത്തിട്ട് വരുമായിരുന്നു.

" നിന്നോട് എത്ര പറഞ്ഞിട്ടുണ്ട് ഇത്രയും ദൂരം നടന്നു വരരുതെന്ന്. ഒരിക്കലും നീ ഞാൻ പറയുന്നത് കേൾക്കാറില്ല. "

" നിങ്ങൾ പറയുന്നത് എനിക്ക് മനസ്സിലാകുന്നുണ്ട്. എന്നാൽ കുറച്ച് ദൂരം നടന്നിട്ടുണ്ടെങ്കിൽ ഒന്നും തന്നെ സംഭവിക്കുകയില്ല. നിങ്ങൾക്കു വേണ്ടിയുള്ള

ഭക്ഷണമല്ലേ ഞാൻ കൊണ്ടുവരുന്നത്. "
രണ്ടു പേരും ഒരുമിച്ച് സന്തോഷത്തോടെ ഭക്ഷണം കഴിച്ചു. ഹാരിയയുടെ ഭാര്യ ഇരട്ട കുഞ്ഞുങ്ങളെപ്രസവിച്ചു. എന്നാൽ പ്രതീക്ഷിക്കാതെ അവളുടെ ജീവൻ നഷ്ടപ്പെട്ടു. മീരയുടെ മരണശേഷം 13-ാം ദിവസം ആ ഗ്രാമത്തിലുള്ളവർ അയാളുടെ വീട്ടിൽ എത്തി.
" ഹാരിയ നിന്റെ ഭാര്യ ഇത്ര ചെറിയ പ്രായത്തിൽ മരണപ്പെട്ടതിൽ എനിക്ക് വളരെയധികം സങ്കടമുണ്ട്. ഈ ഇരട്ടക്കുഞ്ഞുങ്ങളെ വളർത്താൻ നീ ഇനി ഒരു കല്യാണം കഴിക്കണം ഹാരിയ . "
" ഇല്ല ഗ്രാമത്തലവാ... ഈ ഇരട്ടകുട്ടികൾ തന്നെയാണ് ഇനി എനിക്ക് എല്ലാം. ഇനി ഞാൻ ഇവർക്ക് മാത്രം വേണ്ടിയാണ് ജീവിക്കുന്നത്. "
വർഷങ്ങൾ കടന്നുപോയി. ഹാരിയയുടെ കുട്ടികൾ വളർന്നു വലുതായി. നിയക്കും മിയക്കും ഇപ്പോൾ 10 വയസ്സ് ആയിരിക്കുന്നു. അച്ഛൻ അവരെ സ്കൂളിൽ ചേർത്തു. നദി കടന്ന് അവർ സ്കൂളിൽ പോകുമ്പോൾ ഗ്രാമത്തലവൻ ഒരു വഞ്ചിയിൽ വരുന്നുണ്ടായിരുന്നു. പെട്ടെന്ന് വഞ്ചി മറിഞ്ഞു. മിയയും നിയയും വെള്ളത്തിലേക്ക് ചാടി ഗ്രാമത്തലവനെ രക്ഷിച്ചു. ബോധം വന്ന ഗ്രാമത്തലവൻ നിയയെയും മിയയെയും അടുത്തു വിളിച്ചു പറഞ്ഞു. നിങ്ങളാണ് എന്റെ ജീവൻ രക്ഷിച്ചത്.

SNEHA . M . S VIII J



നക്ഷത്രങ്ങൾ

അമ്മ തൻ വാക്കിൽ ഉറച്ചൊരാ വിശ്വാസം
കാക്കുന്നൊരാ പോയ ബാല്യകാലം
കുഞ്ഞു പാവാടകൾ, കരിവളകൾ
കാൽത്തള കിലുങ്ങിയ ബാല്യകാലം
ഓടിക്കളിച്ചുല്ലസിക്കാൻ നടന്നുവൊരാ
പോയ കാലത്തിൽ നാമെല്ലാരും.
ആരോടും ശുണ്ഠി പിടിക്കാതെ
നാമെല്ലാമൊന്നെന്ന ഐക്യഭാവം
സ്വാതന്ത്ര്യ പക്ഷികൾ നാമെല്ലാം
ക്രൂടി പാറിപ്പറൊന്നൊരാ പോയകാലം
കുഞ്ഞിക്കിളികൾ, പാട്ടുകൾ, കഥകൾ
പല പല ചിന്തകളിൽ ഒളിച്ചുകാലം

ഇന്നു നാം കൗമാര പ്രായത്തിനടിമയാം-
പാവം ബാല്യമനസ്കരായി.
ഓടിക്കളിച്ചുല്ലസിച്ചവരോ പുസ്തക-
പുഴുക്കളായ് വായനശാലതൻ
മുക്കിലും മൂലയിലും എവിടെയോ ഒതുങ്ങിയോ ?
സ്വാതന്ത്ര്യം അന്യമാം കൗമാര-
പെൺജീവൻ എവിടെയോ താഴ്ന്നുപോയ് !
കളിചിരികൾ മാറ്റിയ കളിസ്ഥലങ്ങൾ
കണ്ണുകൾ ചുമപ്പിച്ചു കളിയാക്കുന്നു.

GHSKUTTIPPURAM

എവിടെയോ താഴ്ത്തി പതിഞ്ഞൊരാ
ശില്പങ്ങൾ എന്നൊരു മട്ടിലായി...
കൗമാരപെൺജീവൻ
എന്തിനീ കരിവള, കാൽതള
ഇങ്ങനെ മൗനമോ എന്തിനോ ഇരമ്പികയറുന്നു.
വെമ്പുന്ന മനസ്സിന്റെ വേവലാതികൾ
ഈ ലോകമറിയാതെ പോയതന്തേ !
ആർത്തിരമ്പി കരതേടി പായുന്ന
കടലാം തൻ മുന്നിൽ ബാക്കിയായി
വേപഥുവാർക്കുന്ന സ്ത്രീകൾ തൻ
നിശബ്ദത എന്തിനീ ലോകം തനിക്കരുളി
വേവലാതികൾ നിറഞ്ഞൊരാ കൗമാരം
എന്തിനീ ദൈവമേ എനിക്കുതന്നു !
താഴ്ത്തപ്പെടേണ്ടവരല്ലയി സ്ത്രീകൾ
നാളത്തെ ഭൂമിതൻ വരദാനങ്ങൾ
എന്ന് ലോകം ഇനി എന്ന് തിരിച്ചറിയും
അമ്മയാം, അമ്മായിയമ്മയാം, മകളാം
ഐശ്വര്യവതിയാം നാം സ്ത്രീകളല്ലെ...
അടുത്തൊരു ജന്മം തനിക്കായ്തരുമെങ്കിൽ
സ്ത്രീകൾ തൻ ലോകത്തിലായ്
തന്റേടിയായൊരു സ്ത്രീയായ് ജനിക്കണം
സ്വപ്നങ്ങൾ പൂവണിയും കാലത്തിനായ്
നാം എന്നും സന്തോഷം, കാത്തിരിക്കാം...

അമൃത എം. V111. D

GHSS KUTTIPPURAM

## കട്ട കലിപ്പ്

എന്ത് നല്ല മഴയാണ് പുലർച്ചെതുടങ്ങിയതാണല്ലോ? ഇതിനൊരവസാനമില്ലേ? ഒന്നു കൂടി പായയിൽ ചുരുണ്ടുകൂടി കിടന്നു അമ്മു പെട്ടെന്നവൾഞെട്ടിയുണർന്ന് നോക്കിയത് നേരെ ക്ലോക്കിലേക്ക്......“എന്റെ ഗുരുവായൂരപ്പാ". സമയം എട്ടുമണി ഇന്ന് സ്കൂളുള്ളതാ...ഈ അമ്മയോട് ഞാൻ പറഞ്ഞതല്ലേഎന്നെ വിളിക്കാൻ "ഓ ഇപ്പൊ ഞാൻ വിളിക്കാത്തതാ കുറ്റം"ഒന്നോ രണ്ടോ അല്ല മൂന്ന് പ്രാവശ്യം ഞാൻ നിന്നെ വിളിച്ചു. അവളത് കേട്ട ഭാവം നടിച്ചില്ല എന്നാലും അമ്മക്ക് ഒന്ന് കുലുക്കി വിളിക്കാർന്നില്ല്യേ? എന്നെ?അതിനിപ്പൊ എന്താ? ഈ സംസാരിച്ച നിൽക്കുന്ന നേരം കൊണ്ട് പോയി റെഡിയാവാൻ നോക്ക് ഒമ്പതരക്കല്ലേ ക്ലാസ്? അവൾ കിടക്കയിൽ നിന്ന് ചാടി എണീറ്റു. ഈ ബ്രഷ് എവിടയാവെച്ചത്.ഒരു സാധനം വെച്ചാ വെച്ചയിടത്ത് കാണില്ല. അയ്യോ അത് എന്റെ

GHSSKUTTIPURAM

ബ്രഷാ...... ചേച്ചി..ഓ അതൊന്നും സാരല്ല്യാ..ന്ന...കൊണ്ടു പോ.... അവന്റെ ഒരു ബ്രഷും. അമ്മെ ഈ ചേച്ചി എന്തിനാ എന്നോട് ചൂടാവുന്നത് അമ്മേ ആ തോർത്തിങ്ങെടുക്ക് ഒന്നു പെട്ടെന്നാവട്ടെ. എടീ.... അവിടൊന്ന് നിൽക്ക്... നെറുലിത്തിരി എണ്ണ തേച്ചിട്ട് പോ.... പനി പിടിക്കും. ഓ ഇന്നതിനൊന്നും സമയില്ലമ്മേ......... ഓ ഇനി അതിന് വേറെ കാരണം തിരക്കേണ്ടല്ലോ? “അയ്യോ.....അമ്മേ ഓടി വരണേ....” അമ്മുവല്ലേ അത് എന്താടീ കിടന്ന് ഒച്ചവെക്കുന്നേ?നോക്കമ്മേ.....തവള . അയ്യേ അതിനാണോ ഈ ചേച്ചി ഇങ്ങനെ എനിക്ക് ചിരി വരുന്നു. അമ്മ വടിയെടുത്ത് അതിനെ ഓടിച്ചു. അപ്പോഴും ഒരോ മഴത്തുള്ളികളുണ്ടായിരുന്നു. അമ്മേ..... ഈ മുടി ഒന്ന് പിന്നിയിട്ടു താ..... ആ മതി. ഞാനെറങ്ങുവാ.......... അയ്യോ! വീണ്ടും പെയ്തു തകർത്തല്ലോ മഴ. ഇനി നനഞ്ഞു കുളിക്കാൻ വയ്യ. ഇന്ന് മഴയോട് കിന്നാരം പറഞ്ഞിരിക്കാനാണല്ലോ എന്റെ വിധി.

GHSS KUTTIPPURAM

ബാല്യത്തിലെ കുട്ടിത്തമെല്ലാം വിട്ട് പകപതിയിലെത്തുന്ന പ്രായമാണ് കൗമാരം.കൗമാരം എന്നതിൽ തന്നെയുണ്ട് അതിലെ ഓരോ വ്യക്തിയിലും വരുന്ന മാറ്റങ്ങൾ.ഇന്നലെ വരെ വീട്ടുക്കാരുടേയും നാട്ടുക്കാരുടേയും ഇടയിൽ ഒരു കുട്ടിയായിരുന്നെങ്കിൽ ഇന്നു മുതൽ അത് മാറുന്നു.കൗമാരപ്രായത്തിന്റെ പ്രത്യേകതകൾ എന്തൊക്കെയാണെന്നാൽ നമ്മുടെ സ്വഭാവം മാറും.ചിലരുടെ സ്വഭാവം നന്നാകും നല്ലവരായിരുന്നവർ തെറ്റിലേക്ക് പോകും ഇങ്ങനെ പലതരം മാറ്റങ്ങൾ നമ്മിൽ വരാം.ചിലർ നമ്മളോട് പറയാറുണ്ടല്ലോ പ്രായത്തിന്റെ പ്രശ്നമാണെന്ന്.
കൗമാര പ്രായത്തിൽ നമുക്ക് പലതും തോന്നാം തെറ്റിലേക്ക് മാത്രമായിരിക്കും നമ്മുടെ മനസ്സ് നമ്മളെ കൊണ്ട് പോവുക.അവിടെ തെറ്റ്

GHSS KUTTIPPURAM

ചെയ്യില്ലാന്ന് ഉറപ്പുള്ളൊരു മനസ്സാണ് വേണ്ടത്.കാലം മാറുമ്പോൾ അതിനൊപ്പം നമ്മളും മാറുന്നു.ഇനി ഇപ്പോൾ ആൺ കുട്ടികളാണെങ്കിൽ ഇന്നലെ വരെ പുകയില വസ്തുക്കൾ ഉപയോഗിക്കാത്തവർ ഈ കൗമാരപ്രായത്തിലേക്ക് കടക്കുമ്പോൾ ആരെങ്കിലും ചെയ്യുന്നത്കണ്ടാൽ ഉപയോഗിക്കും പിന്നെ അത് ശീലമാക്കും.ഇതൊക്കെയാണ് പ്രായത്തിന്റെ കുഴപ്പം.നമുക്ക് രോഗം വരും.ജീവിതം എന്തെന്ന് മനസ്സിലായാൽ തെറ്റായതിൽ നിന്ന് മോചനം കിട്ടിയെന്ന് വരില്ല.തിരുത്തിയാൽ ശരിയാകാത്ത കാര്യങ്ങളില്ല.തിരുത്തുക തെറ്റായ ജീവിതമാണെങ്കിൽ പെൺകുട്ടികളാണെങ്കിൽ അവരിൽ അധികവും ഉണ്ടാകുന്ന ഒരു പ്രശ്നമാണ് പ്രണയം. അപ്പോൾ അത് തെറ്റായി തോന്നില്ല. പക്ഷേ പൊന്നുപോലെ നോക്കിവളർത്തിയ വീട്ടുകാരെ ഒന്നോർത്താൽ മാത്രം മതി. എല്ലാവരും തെറ്റു ചെയ്യുന്നത് കണ്ടാൽ ചെയ്യരുത് എന്ന്

GHSS KUTTIPURAM

പറയണം. എങ്കിൽ നമ്മൾ നന്നാകണം.അതുകൊണ്ട് കാലത്തിനൊപ്പം സഞ്ചരിക്കുമ്പോൾതെറ്റിലേക്ക് പോകാതിരിക്കുക.

salahudheen IX I

GHSS KUTTIPPURAM

GHSS KUTTIPPURAM

നക്ഷത്രങ്ങൾ

# വയനാട്ടിലേക്കൊരു യാത്ര

അന്ന് ഞാൻ വളരെയധികം നേരത്തെ തന്നെയാണ് ഏണീറ്റത് .കാരണം ഞങ്ങൾ വയനാട്ടിലേക്കുള്ള യാത്ര പോകുകയാണ് . ഒരു ട്രിപ്പ് പോകുന്നതിലുള്ള സന്തോഷത്തിലായിരുന്നു ഞങ്ങൾ എന്നുവേണം പറയാൻ . അവിടെ എന്റെ ഉപ്പാന്റെസുഹൃത്തും ഉണ്ടായിരുന്നു. അങ്ങോട്ടേക്കുള്ള യാത്ര വളരെ സുന്ദരമായിരുന്നു.ഒരുപാട് മരങ്ങളും അതിന്റെ മേൽ കുറേ കുരങ്ങന്മാരും ഉണ്ടായിരുന്നു. ചുരംകേറുന്നതുംനല്ലഅടിപൊളിയായിരുന്നു.കാറിലായിരുന്നു പോയിരുന്നത് .അതുകൊണ്ട് തന്നെ നല്ല രസമായിരുന്നു.അതുകഴിഞ്ഞ് ഞങ്ങൾ ആദ്യം പോയത് എടക്കൽ ഗുഹയിലേക്കായിരുന്നു .അവിടെ നിന്നും ഒരുപാടു നടക്കാനുണ്ടായിരുന്നു.ഉമ്മയും ഉപ്പയും വന്നില്ല .ഞങ്ങളുടെ ഒപ്പം ഒരു കസിനും ഉണ്ടായിരുന്നു .അങ്ങനെ ഗുഹയുടെ ഏറ്റവും മുകളിലെത്തി .അതിന്റെ ചുമരുകളിൽ ഒരുപാട് ചുമർ ചിത്രങ്ങളും പണ്ടത്തെ ഓരോ അക്ഷരങ്ങൾ കൊത്തിവെച്ചിട്ടും ഉണ്ടായിരുന്നു .ആ അക്ഷരങ്ങൾക്കെല്ലാം ഒരു പ്രത്യേക ശൈലിയായിരുന്നു . മാത്രവുമല്ല അതിന്റെയും ഗുഹയുടെയും ഭംഗി ആസ്വദിക്കാൻ ഒരുപാട് വിനോദ സഞ്ചാരികൾ ഉണ്ടായിരുന്നു .അവരുടെ

മുഖത്തേക്ക് നോക്കിയാൽ  അവർ അതെല്ലാം
ആസ്വദിക്കുന്നുണ്ടെന്നും മനസ്സിലാകും .

***മെഹർബ   9 ഐ***

GHSS KUTTIPPURAM